

# അമ്പനോളി സെന്റ് ജോർജ്ജ് ഇടവക

ഈ ഇടവകപ്പള്ളി സ്ഥിതിചെയ്യുന്നത് കൊടകര-വെള്ളിക്കുളങ്ങര റോഡിൽ കിഴക്കെ കോടാലിയിൽ നിന്ന് ഒരു കിലോമീറ്റർ വടക്കുമാറി അമ്പനോളി എന്ന സ്ഥലത്താണ്. തികച്ചും മലയോരപ്രദേശമാണിത്. പ്രാരംഭദശയിൽ ഇവിടെയുള്ള വിശ്വാസികൾ പേരാമ്പ്ര, മൂന്നുമുറി എന്നീ പള്ളികളിലാണ് തിരുക്കർമ്മങ്ങൾക്കായി പോയിരുന്നത്. പിന്നീട് ഇവിടെ ഒരു കപ്പേള പണിയണമെന്ന് അവർ തീരുമാനമെടുത്തു. ഇക്കാര്യം മൂന്നുമുറി പള്ളി വികാരിയായിരുന്ന റവ. ഫാ. ജോസഫ് കള്ളിയത്തിനെ അറിയിക്കുകയും തുടർന്ന് ബഹു. അച്ചന്റെ നേതൃത്വത്തിൽ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടുകയും, സൗകര്യാർത്ഥം ഒരു പള്ളി സ്ഥാപിക്കാമെന്ന് തീരുമാനമെടുക്കുകയും ചെയ്തു. പള്ളിക്കു വേണ്ടി ഒരേക്കർ ഭൂമി പെരേപ്പാടൻ കുഞ്ഞുവറീത് മാസ്റ്റർ സംഭാവന തരുകയും ഒരേക്കർ ഭൂമി മറ്റൊരാളിൽ നിന്ന് വിലയ്ക്ക് വാങ്ങുകയും ചെയ്തു. അന്ന് ഈ പള്ളിയ്ക്കുവേണ്ടി മുരിക്കിങ്ങൽ, കൊടുങ്ങ അടക്കം ഏകദേശം 250 വീട്ടുകാരുടെ സഹകരണമുണ്ടായിരുന്നു. പള്ളിനിർമ്മാണത്തിന് പണം സ്വരൂപിക്കുന്നതിനും പണിനടത്തുന്നതിനും വേണ്ടി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്ലാൻ തയ്യാറാക്കി തൃശ്ശൂർ രൂപതയിൽ സമർപ്പിക്കുകയും അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് തിരുമേനി പള്ളി പണിയുന്നതിനുള്ള അനുമതി തരുകയും ചെയ്തു.

1957 ഡിസംബർ മാസം 22-ാം തിയ്യതി 3 മണിക്ക് ബഹു. ജോസഫ് കള്ളിയത്ത് അച്ചന്റെ നേതൃത്വത്തിൽ അഭിവന്ദ്യപിതാവ് ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ച് പണി ആരംഭിച്ചു. എന്നാൽ, ഇടക്കാലത്ത് സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം പള്ളിപ്പണി നിർത്തിവയ്ക്കേണ്ടിവന്നെങ്കിലും 1962 ആയപ്പോഴേക്കും പണികൾ ഏകദേശം പൂർത്തിയായി. 1962 മേയ് 27-ന് അഭിവന്ദ്യ മാർ ജോർജ്ജ് ആലപ്പാട്ട് പിതാവ് ദേവാലയത്തിന്റെ കൂദാശകർമ്മം നിർവ്വഹിച്ചു. അങ്ങനെ ആദ്യത്തെ വികാരിയായി റവ. ഫാ. ജോൺ പ്ലാശ്ശേരി ചാർജ്ജെടുക്കുകയും ചെയ്തു. പിന്നീട് അച്ചന്റെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ വച്ച് സാമ്പത്തിക ഭദ്രതയ്ക്കായി വീടൊന്നുക്ക് ആഴ്ചയിൽ 10 പൈസ പ്രകാരം എല്ലാവരും കൊടുക്കണമെന്ന് നിശ്ചയിക്കുകയും ആ യോഗത്തിൽ വച്ച് പള്ളി ശുശ്രൂഷയ്ക്കായി മാസം 7½ രൂപയുടെ ശമ്പളത്തിൽ നെല്ലിക്കാ-മണ്ണിൽ തോമസ് തോമസിനെ ആദ്യത്തെ കപ്യാരായി നിയമിക്കുകയും ചെയ്തു. ഈ കാലയളവിൽതന്നെ പള്ളി പറമ്പിൽ നിറയെ തെങ്ങുകൾ വച്ചുപിടിപ്പി ക്കുകയും ചെയ്തു. പള്ളിക്ക് ഇപ്പോൾ 2 ഏക്കർ 7 സെന്റ് സ്ഥലമുണ്ട്.

## സിമിത്തേരി

ബഹുമാനപ്പെട്ട ജോൺ പ്ലാശ്ശേരി അച്ചന്റെ നേതൃത്വത്തിൽ (1962-64) സിമിത്തേരിക്ക് അനുവാദം വാങ്ങിക്കുവാനും സിമിത്തേരി പണിയുവാനും തീരുമാനമായി.

## വൈദികമന്ദിരം

1965-ൽ റവ. ഫാ. ജേക്കബ് പുലിക്കോട്ടിൽ വികാരിയായി ചാർജ്ജ് എടുത്തപ്പോൾ പള്ളിമേട പണിയുന്നതിനു തീരുമാനിക്കുകയും 1966-ൽ പള്ളിമേടയ്ക്ക് തറക്കല്ലിടുകയും ചെയ്തു. പണി പൂർത്തീകരിച്ചത് ബഹു. ജേക്കബ് ഐനിക്കലച്ചന്റെ കാലത്താണ്. അദ്ദേഹമാണ് ഇവിടെ ആദ്യമായി താമസിച്ചത്.

വികാരിയച്ചൻ താമസമാക്കിയതോടുകൂടി ആഴ്ചയിൽ 10 പൈസ എന്ന പിരിവു മാറ്റി A, B, C, D ക്രമത്തിൽ ആഴ്ചയിൽ 1 ക, 50 പൈസ, 30 പൈസ, 20 പൈസ എന്ന ക്രമത്തിൽ ആക്കുകയും ചെയ്തു. ഈ പിരിവ് ഏകദേശം 1977 വരെ തുടർന്നു. അപ്പോഴേയ്ക്കും പള്ളിക്ക് വേണ്ടത്ര വരുമാനമായി. 1971 മുതൽ ഇടവക മദ്ധ്യസ്ഥനായ വി. ഗീവർഗീസിന്റെ തിരുനാൾ മേയ്മാസത്തിൽ ആഘോഷിക്കുവാനും തീരുമാനമായി. 1973 ആയപ്പോഴേയ്ക്കും കൊടുങ്ങയിൽ ഒരു ദേവാലയം നിർമ്മിക്കുകയും പണിപൂർത്തിയായപ്പോൾ അമ്പനോളി ഇടവകയിലെ ഭൂരിപക്ഷം പേർ കൊടുങ്ങയിൽ ആവുകയും, കുറെപ്പേർ മുരിക്കിങ്ങൽ ഇടവകയിൽ പെടുകയും ചെയ്തു. ഇതോടെ ഇവിടത്തെ വീട്ടുകാർ 250-ൽ നിന്ന് നൂറിൽ താഴെയായി കുറഞ്ഞു.

അമ്പനോളി പള്ളിക്കും കൊടുങ്ങപള്ളിക്കും കൂടി 1974 മുതൽ ഒരച്ചൻ മാത്രമായി. അമ്പനോളിയിൽ താമസിച്ചുകൊണ്ട് കൊടുങ്ങയുടെ ചുമതല കൂടി വഹിച്ചിരുന്നു. അതിനുശേഷം കൊടുങ്ങയിൽ പള്ളിമേടയുണ്ടായി. വികാരി ഫാ. ബർണാർഡ് തട്ടിൽ അമ്പനോളിയിൽ നിന്ന് കൊടുങ്ങയിലേക്ക് താമസം മാറ്റി. അന്നു മുതൽ വികാരിമാർ കൊടുങ്ങയിൽ താമസിച്ചുകൊണ്ട് അമ്പനോളിയുടെ ചുമതലകൂടി വഹിച്ചുകൊണ്ടിരിക്കുന്നു.



സെന്റ് ജോർജ്ജ് കപ്പേള

## കപ്പേള, പാരിഷ് ഹാൾ

1978-ൽ ബഹു. തോബിയാസ് ചാലയ്ക്കൽ അച്ചന്റെ നേതൃത്വത്തിൽ പള്ളിയുടെ മുമ്പിൽ സെന്റ് ജോർജ്ജ് കപ്പേള പണിയിച്ചു. 1978 നവംബർ മാസത്തിൽ പള്ളിയും പള്ളിമുറിയും ഇലക്ട്രിക് വയറിങ്ങ് നടത്തി. പിന്നീട് ബഹു. പയസ് ചിറപ്പണത്തച്ചന്റെ നേതൃത്വത്തിൽ ഒരു പാരിഷ് ഹാൾ നിർമ്മിക്കുവാൻ തീരുമാനമായി. 1987-ൽ ഫെബ്രുവരി 5, 6, 7 രജത ജൂബിലിയോടനുബന്ധിച്ച് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പണി പൂർത്തീകരിക്കുകയും അഭിവന്ദ്യ ഇരിങ്ങാലക്കുട മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് 1987-ൽ ഹാളിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിക്കുകയും ചെയ്തു. പിന്നീട് വന്ന റവ. ഫാ. വർഗ്ഗീസ് ചാലിശ്ശേരിയുടെ നേതൃത്വത്തിൽ പള്ളിക്ക് ഒരു നടപ്പുര പണിയിച്ചു. റവ. ഫാ. ജോൺസൻ ആലപ്പാട്ടിന്റെ കാലത്ത് പള്ളിക്കുചുറ്റും മതിൽ കെട്ടുന്നതിന് തീരു



വൈദിക മന്ദിരം



പാരിഷ് ഹാൾ

മാനിക്കുകയും പണികൾ തുടങ്ങിവയ്ക്കുകയും ചെയ്തു. 2003 നവംബർ 2-ന് സിമിത്തേരിയിൽ അതി മനോഹരമായ ഒരു കപ്പേള പണിത് വെഞ്ചരിച്ചു.

## പുനർനിർമ്മാണം-നവീകരണം

2005 മേയ് മാസത്തിലെ പൊതുയോഗത്തിൽ വച്ച് സ്ഥലപരിമിതി കണക്കിലെടുത്ത് പള്ളി പുനർനിർമ്മിക്കുവാൻ തീരുമാനിച്ചു. 2005 നവംബർ 30-ന് ബഹു. ആന്റോ പാണാടനച്ചന്റെ നേതൃത്വത്തിൽ പണികൾ ആരംഭിച്ചു. 2006 ഒക്ടോബർ 21-ാം തിയ്യതി ശനിയാഴ്ച അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് പുതുക്കിപ്പണിത ദേവാലയം കൂദാശചെയ്ത് വിശ്വാസികൾക്കായി തുറന്നുകൊടുത്തു.